പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: *444

28.6.2013-ലെ മറുപടിക്ക്

## കാർഷിക ഉല്പന്നങ്ങളുടെ വിലത്തകർച്ച

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. എം.എ. ബേബി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. എം. ഹംസ | ശ്രീ. കെ.പി. മോഹനൻ<br><br>കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പു മന്ത്രി |
| (എ) ആസിയൻ കരാറും രാജ്യാന്തര വ്യാപാര കരാറുകളും സംസ്ഥാനത്തിന്റെ കാർഷിക ഉല്പന്നങ്ങളുടെ വിലത്തകർച്ച യ്ക്ക് കാരണമായിട്ടുണ്ട് എന്ന് സർക്കാർ കരുതുന്നുണ്ടോ ; | (എ) ആസിയൻ-ഇന്ത്യ കരാറുൾപ്പടെ എല്ലാ രാജ്യാന്തര വ്യാപാര കരാറുകളും സംസ്ഥാനത്തിന്റെ കാർഷിക ഉല്പന്നങ്ങളുടെ വിലയെ സ്വാധീനി ക്കുന്നുണ്ട്. കേരളത്തിന്റെ നാണ്യ വിളകളായ റബ്ബർ, നാളികേരം, ഏലം, കുരുമുളക്, കാപ്പി, തേയില എന്നിവയുടെ വിലയിലാണ് പ്രധാനമായും ഏറ്റക്കുറച്ചിലുകൾ ഉണ്ടാവുന്നത്. |
| (ബി) നാണ്യവിളകളുടെ വില യിടിവ് മൂലം ദുരിതം അനുഭവി ക്കുന്ന കർഷകരെ സഹായിക്കാൻ സർക്കാർ എന്തെല്ലാം നടപടി കളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) നാണ്യവിളകളിൽ ഏലം, കുരുമുളക്, കൊക്കൊ, കാപ്പി, അടയ്ക്ക, ഇഞ്ചി എന്നീ വിള കൾക്കുണ്ടാകുന്ന വിലയിടിവിൽനിന്നും കർഷകരെ രക്ഷിക്കുന്നതിനായി കൃഷി വകുപ്പിന്റെ 'കമ്മോഡിറ്റി സേഫ്റ്റി നെറ്റ് പദ്ധതി' നടപ്പിലാക്കുന്നുണ്ട്. ആഗോള സാമ്പത്തിക മാന്ദ്യം മൂലം കാർഷിക സാമ്പത്തിക മേഖലയിലുണ്ടാകുന്ന ദോഷവശ ങ്ങളിൽനിന്നും കർഷകരെ രക്ഷിക്കുകയാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. 2009-2010 വർഷത്തിൽ പദ്ധതിയുടെ കോർപ്പസ് ഫണ്ടായി 10 കോടി രൂപ കൃഷിവകുപ്പു ഡയറക്ടറുടെ പേരിലുള്ള റ്റിഎസ്ബി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. 2011-12 വർഷത്തിൽ ഏലം കൂടി പദ്ധതിയിൽ ഉൾപ്പെടുത്തികൊണ്ട് ഒരു കോടി രൂപ കൃഷിവകുപ്പു ഡയറക്ടറുടെ റ്റിഎസ്ബി അക്കൗണ്ടിൽ കോർപ്പസ് ഫണ്ടായി നിക്ഷേപിച്ചിട്ടുണ്ട്.<br><br>നാളികേരത്തിന്റെ വിലയിടിവിന് പരിഹാരമായി കേന്ദ്രസർക്കാരിന്റെ താങ്ങുവില പദ്ധതിപ്രകാര മുള്ള കൊപ്രസംഭരണവും, സംസ്ഥാന സർക്കാർ മുഖേന പച്ചനാളികേര സംഭരണപദ്ധതിയും നടപ്പി ലാക്കുന്നുണ്ട്. |
| (സി) കഴിഞ്ഞ കാലങ്ങളിൽ ചെയ്തതു പോലെ ഈ പ്രതിസന്ധി പരിഹരിക്കാൻ പ്രത്യേക പാക്കേജ് പ്രഖ്യാപിക്കാൻ സർക്കാർ മുൻകൈ എടുക്കുമോ; | (സി) കുരുമുളക്, ഏലം, കൊക്കോ, കാപ്പി, അടക്ക, ഇഞ്ചി എന്നീ നാണ്യവിളകൾക്കുണ്ടാകുന്ന വിലയിടി വിന് പരിഹാരമായി കൃഷിവകുപ്പിന്റെ 'കമ്മോഡിറ്റി സേഫ്റ്റി നെറ്റ്' പദ്ധതി പ്രകാരം കർഷകർക്ക് ആശ്വാസധനം നൽകുന്നുണ്ട്. ആഗോള സാമ്പത്തിക |

മാന്ദ്യംമൂലം കാർഷിക സാമ്പത്തിക മേഖലയിൽ ഉണ്ടാകുന്ന ദോഷവശങ്ങളിൽനിന്നും കർഷകരെ രക്ഷിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(ഡി) കേന്ദ്ര സർക്കാരിനോട് ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും സഹായം അഭ്യർത്ഥിച്ചിരുന്നുവോ; അതു സംബന്ധിച്ച് എന്തെങ്കിലും പ്രതികരണം അറിയിച്ചുവോ; വിശദമാക്കുമോ ?

(ഡി) റബ്ബറിന്റെ ഇറക്കുമതി തീരുവ നിലവിൽ 20% വും മുകൾതട്ട് 20 രൂപയും ആണ് ഇപ്പോൾ നിലവിലുള്ളത്. മുകൾതട്ട് 34 രൂപയാക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്.

കേന്ദ്രസർക്കാരിന്റെ ഇറക്കുമതി നയത്തിൽ കേരളത്തിന് ദോഷകരമായ തീരുമാനങ്ങൾ ഉണ്ടാകരുതെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പാം ഓയിൽ ഇറക്കുമതി, നാളികേരത്തിനും വെളിച്ചെണ്ണയ്ക്കും ദോഷകരമായപ്പോൾ സംസ്ഥാനത്തിന്റെ ആവശ്യം പരിഗണിച്ച് കേന്ദ്രസർക്കാർ ക്രൂഡ് പാം ഓയിലിന് 2.5% തീരുവയും, ശുദ്ധീകരിച്ച പാം ഓയിലിന് 7.5% തീരുവയും ചുമത്തുകയുണ്ടായി. എന്നാൽ ഇത് അപര്യാപ്തമാണെന്നും കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്.

അടയ്ക്ക ഇറക്കുമതി കർഷകർക്ക് ദോഷകരമാകും എന്ന് സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ അതിന്റെ ഇറക്കുമതിയിൽ നിയന്ത്രണം ഏർപ്പെടുത്തണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. അടയ്ക്കയുടെ ഇറക്കുമതിയ്ക്ക് കേന്ദ്രസർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

കൊപ്രയുടെ താങ്ങുവില നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര കാർഷിക വില നിർണ്ണയ കമ്മീഷൻ മുൻപാകെ സംസ്ഥാനം സമർപ്പിച്ചിട്ടുള്ള നിർദ്ദേശത്തിൽ, 2013 സീസണിലേയ്ക്ക് മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 6300 രൂപയായും, ഉണ്ട കൊപ്രയ്ക്ക് ക്വിന്റലിന് 6915 രൂപയായും ഉയർത്തണമെന്നും കൊപ്രയുടെ താങ്ങുവിലയ്ക്ക് അനുസരണമായി പച്ചത്തേങ്ങയ്ക്ക് ക്വിന്റലിന് 1900 രൂപയായും നിശ്ചയിക്കണമെന്നും ഉള്ള ആവശ്യങ്ങൾ ഉന്നയിച്ചിട്ടുള്ളതുമാണ്.

അണ്ടർ സെക്രട്ടറി.